The Heavenly Light Ministry

സ്തുതി സ്തുതിയെൻ മനമേ
സ്തുതികളിലുന്നതനെ
നാഥൻ നാൾതോറും ചെയ്യുന്ന നന്മകളോർത്തു
പാടുക നീ എന്നും മനമേ
അമ്മയെപ്പോലെ താതൻ താലോലിച്ചണച്ചിടുന്നു
സമാധാനമായ് കിടന്നുറങ്ങാൻ
തന്റെ മാർവ്വിൽ ദിനം ദിനമായ് (02)... സ്തുതി
കഷ്ടങ്ങളേറിടുമ്പോൾ
എനിക്കേററമടുത്തതുണയായ്
ഘോരവൈരിയിൻ നടുവിലവൻ
മേശ നമുക്കൊരുക്കിയല്ലോ (02) സ്തുതി
ഭാരത്താൽ വലഞ്ഞീടിലും തീരാരോഗത്താലലഞ്ഞീടിലും
പിളർന്നീടുന്നോരടിപ്പിണരാൽ
തന്നിടുന്നീ രോഗസൗഖ്യം (02) സ്തുതി
സഹായ ശൈലമവൻ സങ്കേതവും കോട്ടയും താൻ
നടുങ്ങീടുകില്ലായതിനാൽ
തൻ കരുണ ബഹുലമത് (02) സ്തുതി
സിംഹങ്ങൾ അലറീടിലും ബാലസിംഹങ്ങൾ പെരുമ്പാമ്പുകൾ
ചവിട്ടി തല മെതിച്ചീടുമേ
അവയിലും ജയം നേടുമേ (02) സ്തുതി